ഭരണഭാഷ-മാതൃഭാഷ

നം.ICDS-A6 -6320/20

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 15/09/2020
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ നിയമനാധികാരം, സൂപ്പർവിഷൻ ചുമതല - സംബന്ധിച്ച്

സൂചന: G O (Rt) No 439/2020 SJD TVM dated 24/08/2020

വകുപ്പ് വിഭജനത്തിന്റെ ഭാഗമായി സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി വനിത ശിശു വികസന വകുപ്പിന്റെ നിയന്ത്രണ അധികാരത്തിലാണ് പ്രവർത്തിക്കുന്നത്. സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ നിയമനം, മേൽനോട്ടം, റിപ്പോർട്ടിംഗ് എന്നിവ വ്യക്തമാക്കി സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**നിയമനം**

1. സ്കൂൾ കൗൺസിലർമാരുടെ നിയമന യോഗ്യത നിലവിൽ ഉള്ളത് തന്നെയായിരിക്കും.
2. നിയമനം കരാർ അടിസ്ഥാനത്തിൽ ഒരു വർഷകാലയളവിലേക്കായിരിക്കും.
3. നിലവിലുള്ള സെലക്ഷൻ കമ്മറ്റി ഉത്തരവിൽ കൺവീനറായ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് പകരം ജില്ലാ വനിതാ ശിശു വികസന ഓഫീസർ ആയിരിക്കും സെലക്ഷൻ കമ്മറ്റി കൺവീനർ.

**ചുമതലകൾ**

I **ജില്ലാ വനിത ശിശു വികസന ഓഫീസർ**

1. സെലക്ഷൻ നടപടികളിലൂടെ തെരഞ്ഞെടുക്കുന്ന സ്കൂൾ കൗൺസിലർമാരുടെ നിയമനാധികാരി ജില്ലാ വനിത ശിശു വികസന ഓഫീസർ ആയിരിക്കും.
2. സ്കൂൾ കൗൺസിലർമാരുടെ പ്രതിമാസ യോഗങ്ങളിലെ അദ്ധ്യക്ഷ ജില്ലാ വനിതാ ശിശു വികസന ഓഫീസറായിരിക്കും

II **ജില്ല ശിശുസംരക്ഷണ ഓഫീസർ**

1. സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കായിരിക്കും.
2. കൗൺസിലർമാരുടെ ഹാജർ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ നിരീക്ഷിക്കുന്നതിനുള്ള ചുമതലയും ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കായിരിക്കും
3. പ്രതിമാസ യോഗങ്ങൾ വിളിച്ച് ചേർക്കുന്നതിന്റെ ചുമതല DCPO മാർക്കായിരിക്കും
4. സ്കൂൾ കൗൺസിലർമാർ സിഡിപിഒ മാരുമായി ചേർന്ന് പ്രവർത്തിക്കുന്നുവെന്നും, കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നു എന്നും ഉറപ്പ് വരുത്തേണ്ടതും DCPO മാരാണ്.

III **പ്രോഗ്രാം ഓഫീസർ**

1. സ്കൂൾ കൗൺസിലർമാരുടെ പ്രതിമാസ യോഗങ്ങളിൽ പ്രോഗ്രാം ഓഫീസർ വൈസ് ചെയർപേഴ്സൺ ആയിരിക്കും.

IV **ശിശു വികസന പദ്ധതി ഓഫീസർ**

1. സ്കൂൾ കൗൺസിലർമാർ ഹാജരാക്കുന്ന attendance certificate work diary യുടെയും അടിസ്ഥാനത്തിൽ ഇവരുടെ പ്രതിമാസ ഹോണറേറിയം അനുവദിച്ച് നൽകേണ്ടതാണ്.

DWCDO, CDPO, PO എന്നിവർ പ്രതിമാസ അവലോകന യോഗങ്ങൾ നടത്തേണ്ടതും സ്കൂൾ കൗൺസിലേഴ്സിന്റെ പ്രവർത്തനം വിലയിരുത്തി ത്രൈമാസ റിപ്പോർട്ട് വനിത ശിശു വികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ത്രൈമാസ റിപ്പോർട്ട് നൽകേണ്ട ചുമതല DWCDO യ്ക്കായിരിക്കും. DWCDOയുടെ അനുമതിയോട് കൂടി ജില്ലാ ജുവനൈൽ ജസ്റ്റിസ് കമ്മററി കൺവീനർക്ക് സ്കൂൾ കൗൺസിലർമാരുടെ പൊതുവായ പ്രവർത്തനങ്ങൾ വിലയിരുത്താവുന്നതാണ്. J J കമ്മിറ്റി കൺവീനർ റിപ്പോർട്ട് ചെയ്യുന്ന പ്രശ്നങ്ങൾ പ്രതിമാസ മീറ്റിംഗിൽ അജണ്ടയായി വെച്ച് ചർച്ച ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം – സർക്കാർ ഉത്തരവ്

JJ//